
172

# ലിറ്റിൽ മാസിക

2018 സെപ്തംബർ



## മനസ് ശുദ്ധമായാൽ മനുഷ്യനോളം നല്ലൊരു ജീവി ഭൂമിയിലുണ്ടോ?



The only thing that makes life possible is permanent, intolerable uncertainty; not knowing what comes next.

-Ursula K. Le Guin

copyleft

ലിറ്റിൽ മാസിക

2018 സെപ്തംബർ

172

*വിലാസം*
ലിറ്റിൽ മാസിക
ചുങ്കത്തറ പി. ഒ
മലപ്പുറം-679334

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

***Editorial***

***Editor***
BijuJohn
***Co-ordinating Editor***
Abdullakkutty Edavanna

*Jayaprakash Nilambur*
*Chandrababu Trikkalangodu*
*Satheesh Chalippadam*
*P M John*
*Harris Nenmeni*
*M P Prathish*

## ആലോചന

**ഷൗക്കത്ത്**

**പ**ള്ളിയിലും അമ്പലങ്ങളിലും ചർച്ചിലുമെല്ലാം ഇനി കലാ സാഹിത്യ സംഗീത ശാസ്ത്ര ലോകങ്ങൾ കൂടി അവതരിപ്പിക്കപ്പെടണം. പരസ്പരം സംവദിക്കാനുള്ള സർഗ്ഗാത്മക വേദികളായി ആരാധനാലയങ്ങൾ മാറണം.

വൈകാരിക ശുദ്ധിയാർജ്ജിക്കാൻ മതഗ്രന്ഥങ്ങളെക്കാൾ സഹായിക്കുക ഖലീൽ ജിബ്രാന്റെ പ്രവാചകനും റൂമിയുടെ കവിതകളും ടാഗോറിന്റെ ഗീതാഞ്ജലിയും യൂഗോയുടെ പാവങ്ങളും മീരയുടെ കവിതകളും ഒക്കെയാണ്. അതെല്ലാം വായിക്കാനം ധ്യാനിക്കാനും തുടങ്ങിയാൽ ഇത്തിരി കൂടി മനുഷ്യത്വമുള്ളവരായി മാറും നാം. അതിനു കൂടിയുള്ള ഇടങ്ങളായി നമ്മുടെ ആരാധനാലയങ്ങൾ മാറിയാൽ കുറച്ചു കൂടി മെച്ചമുള്ള മനുഷ്യർ സമൂഹത്തിൽ ഉണ്ടായി വന്നേക്കും.

പലരും ചോദിക്കുന്ന ചോദ്യം

### ലിറ്റിൽ മാസികയ്ക്കിതെന്താണ് പറ്റിയത്?

2018 ജനുവരിക്ക് ശേഷം ഇപ്പോളാണിറങ്ങുന്നത്.കാരണങ്ങൾ പതിവുള്ളതു തന്നെ.മാസികയുടെ അമച്ച്വർ സ്വഭാവം തന്നെയാണിതിന് കാരണം.ദുർബലമെങ്കിലും ഈ നടത്തം തുടരുക തന്നെ ചെയ്യും.... *-ലിമാ*

**ശു**ദ്ധമായ ജലം
ശുദ്ധമായ വായു,
ബുദ്ധ ഭഗവാനായി.

*-ഒരു ഹൈക്കു*

ആലോചന

അവിര

## ഭക്ഷിക്കാൻ വേണ്ടി ഭക്ഷിക്കുക...

ജീവിക്കാൻ വേണ്ടി ഭക്ഷിക്കുകയല്ല വേണ്ടത്.പ്രത്യക്ഷത്തിൽ വിരോധാഭാസം എന്ന് തോന്നാവുന്ന ചിന്തയാണിത്. പഴയ ഒരു ചൊല്ലിന്റെ തലതിരിച്ചിൽ ആണിത്. ജീവിതത്തിലെ ഏത് കാര്യവും- ഏറ്റവും ചെറുതും, സാധാരണവുമായ കാര്യവും ആസ്വദിച്ച് ചെയ്യുമ്പോൾ, അല്ലെങ്കിൽ ആഴ്ന്നിറങ്ങി ചെയ്യുമ്പോൾ അത് ഒരു ധ്യാനം പോലെ തന്നെയാവുന്നു. വളരെ കുറച്ച് അളവിലുള്ള ഭക്ഷണം പോലും സാവധാനം ആസ്വദിച്ച് ഭക്ഷിച്ചാൽ അത് മനസ്സിനെയും ശരീരത്തോടൊപ്പം തൃപ്തിപ്പെടുത്തും.ഭക്ഷണം കഴിക്കുക അതിൽ തന്നെ ഒരു ലക്ഷ്യമാകട്ടെ. മനസ്സ് നിറഞ്ഞാൽ വേഗം വയറും നിറയും. ഓരോ മാത്ര ഭക്ഷണവും മനസ്സറിഞ്ഞ് ഭക്ഷിക്കുക ആനന്ദകരമാണ്. പലപ്പോഴും വയർ നിറഞ്ഞാലും തൃപ്തമാവാത്ത മനസ്സാണ് കുഴപ്പമുണ്ടാക്കുന്നത്. ഒരു കപ്പ് ചായ, ഒരു പൊതി നിലക്കടല, ഒരു ചെറുപഴം, ഒരു ഗ്ലാസ് ശുദ്ധജലം എന്നിവ പോലും ആസ്വദിക്കാൻ കഴിയുമ്പോൾ എന്തിനാണ് ഒരുപാട് ഭക്ഷണം? ഒരുപാട് ഭക്ഷണം വെറുതെ പാഴാക്കുന്ന ഒരു ന്യൂനപക്ഷമാണ് ലോകത്തെ വലിയ ഒരു വിഭാഗത്തിനെ നിത്യപട്ടിണിയിലാക്കുന്നത്. മറ്റുള്ളവരെ ഊട്ടിയാൽ തന്നെ നമ്മുടെ പകുതി വയർ നിറയുമെന്നിരിക്കെ എന്തിനാണ് ഭക്ഷണസാധനങ്ങൾ ചിലർ വെറുതെ സ്വരുക്കൂട്ടി വെയ്ക്കുന്നത്?



ജീവിക്കാൻ വേണ്ടി മാത്രം ഭക്ഷണം കഴിക്കുന്നവർ അപടകരമായി പ്രായോഗിക ജീവിതം നയിക്കുന്നവരാണ്. ഒരു ഗുളിക മാത്രം കഴിച്ച് ജീവൻ നിലനിർത്താമെങ്കിൽ അങ്ങനെയും ശ്രമിക്കുന്നവരാണവർ. വെറുതെ ജീവിക്കാൻ വേണ്ടി ജീവിക്കുന്നവർ. അവർ വെറുതെ ഓരോന്നിന് പുറകെ പരക്കം പായുന്നവരാണ്. എത്ര സ്വത്ത് സമ്പാദിച്ചാലും മതിവരാത്തവരാണവർ.

ഒരു തരി ഭക്ഷണത്തിലും ജീവിതത്തിന്റെ മാഹാ ആനന്ദം കണ്ടെത്താൻ കഴിയും.ജീവിതത്തിലെ എല്ലാ കാര്യവും ഇതുപോലെയാണ്.നടക്കുന്നത് നടക്കാൻ വേണ്ടി തന്നെയാവട്ടെ.വായിക്കുന്നത് മറ്റൊന്നിനും വേണ്ടിയാവരുത്.വായിക്കുന്നത് തന്നെ ഒരു ലകഷ്യമാകട്ടെ. പാടുന്നതും വരക്കുന്നതും വെറുതെയിരിക്കുന്നതുമൊക്കെ അങ്ങനെയണ്. എല്ലാത്തിലും അതിൽ തന്നെ ഓരോ ലക്ഷ്യമുണ്ടാകട്ടെ.എല്ലാത്തിനും ലക്ഷ്യം വേണമെന്ന് ശഠിക്കണോ? ഒരാൾ ഊണ് കഴിച്ചുകൊണ്ടിരിക്കുമ്പോൾ നാം വെറുതെ ചോദിക്കാറില്ലെ ഓ ഊണ് കഴിക്കുകയാണല്ലെ? ഊണ് കഴിക്കുന്നതു കണ്ടിട്ടില്ലെ പിന്നെ വെറുതെ ചോദിക്കുന്നതെന്തിനാ എന്ന് തിരിച്ച് ചോദിക്കുന്നത് എത്ര അരസികമാണ്?ഒന്നിനും വേണ്ടിയല്ലാതെ ഒരു ലക്ഷ്യവുമില്ലാതെ നാം ചെയ്യുന്ന എത്രയോ കാര്യങ്ങളുണ്ട്? അത്തരം കാര്യങ്ങളല്ലെ ജീവിതത്തെ കൂടുതൽ സുന്ദരമാക്കുന്നത്?

*True greatness consists in being great in little things*

- Charles Simmons




ലിറ്റിൽ മാസിക

വാർഷികവരിസംഖ്യ

**200രൂപ**

എം. ഒ. ആയും

ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം

അക്കൗണ്ട് നമ്പർ

0857101067932 ബിജു ജോൺ

(കാനറ ബാങ്ക്

എടക്കര ശാഖ)

IFSC Code: CNR B 0000857

# എന്നിട്ട് ആ പഴയ മുച്ചക്രസൈക്കിൾ നിങ്ങൾഎന്തു ചെയ്തു?

**സതീഷ് കുമാർ**

*(ഏതു നിമിഷവും ഇല്ലാതാക്കുന്നതാണ് ഈ ജീവിതമെന്ന ബോധ്യം കൈയ്യിലുള്ള ക്ഷണിക ജീവിതത്തെ കൂടുതൽ അഴകും ആഴവും ഉള്ളതാക്കുമായിരിക്കാം. സതീഷ് കുമാർ എന്ന അപരിചിതനായ സുഹൃത്ത് എഴുതിയ ഫേസ് ബുക്ക് കുറിപ്പ് ഹൃദയത്തിൽ തൊടുന്നതായി. അച്ചടിരൂപം അഴമുള്ള വായനയ്ക്കിടയാക്കാമെന്ന തോന്നലിൽ പ്രസിദ്ധീകരിക്കുന്നു.)*

നിങ്ങളുടെ കുഞ്ഞുങ്ങളിൽ ഒരാളെങ്കിലും നന്നേ ചെറുപ്പത്തിലേ മൂന്ന് ചക്രങ്ങളുള്ള ഒരു സൈക്കിൾ ഓടിച്ചിട്ടുണ്ടായിരുന്നോ?അല്ലെങ്കിൽ കുറച്ചു കൂടി മുതിർന്നതിനു ശേഷം രണ്ടു ചക്രങ്ങളുള്ള ഒരു കുട്ടി സൈക്കിൾ?എന്താണിപ്പോൾ ഇങ്ങനെയൊരു ചോദ്യം എന്ന് അത്ഭുതപ്പെടാതിരിക്കൂ.
ഇത് അത്ര പ്രസക്തമായ ഒരു ചോദ്യമൊന്നുമല്ല.
ഉണ്ട് എന്നാണ് നിങ്ങളുടെ ഉത്തരമെങ്കിൽ ഇനി ഒരു ചോദ്യം കൂടി വരാനുണ്ട് എന്നെ സംബന്ധിച്ചിടത്തോളം ആ ചോദ്യത്തിന്റെ ഉത്തരമാണ് പ്രധാനം
എന്നിട്ട് നിങ്ങൾ ആ സൈക്കിൾ എന്തു ചെയ്തു?നിങ്ങളുടെ കുട്ടിയുടെ കൗതുകവും താത്പര്യവും
ഒടുങ്ങിയ ശേഷം ആ സൈക്കിൾ നിങ്ങൾ എന്തു ചെയ്തു?വഴിയോരത്തെ ആക്രിക്കടകളിൽ നോക്കൂ അത്തരം എത്രമാത്രം സൈക്കിളുകളാണ്ചുരുങ്ങിയത് ഒരു അഞ്ചു വർഷമെങ്കിലും ആരും ഉപയോഗിക്കാതെ ഇരുന്ന് തുരുമ്പ് കയറി നശിച്ച അത്തരം സൈക്കിളുകൾ എന്തുകൊണ്ടാവും അതിങ്ങനെ നശിച്ച് ഉപയോഗശൂന്യമായ് തീരും വരെ മറ്റൊരു കുഞ്ഞിന് നാമത് നൽകാതിരുന്നത്? അത്തരമൊരു ആഗ്രഹത്തെ ഒരിക്കലും നടക്കാത്ത ഒരാശയായി കൊണ്ടു നടക്കുന്ന ഒരു കുട്ടിയെ കണ്ടെത്തുക എന്നത് ഒട്ടും പ്രയത്നം ആവശ്യമില്ലാത്ത ഒന്നായിട്ടു പോലും നമ്മിൽ പലരും എന്തുകൊണ്ടാവും അങ്ങനെയൊരു ഇഷ്ടദാനത്തിന് മുതിരാതിരുന്നിട്ടുണ്ടാവുക? അഞ്ചു വർഷം എന്നത് ഞാൻ ചെറിയൊരു കാലയളവ് പറഞ്ഞതാണ് വീട്ടുടമസ്ഥന്റെ കല്യാണം കഴിഞ്ഞ് ജർമ്മനിയിൽ പോയ മകൾ ഉപയോഗിച്ചിരുന്ന മുച്ചക്രവണ്ടി പോലും ചിലനേരങ്ങളിൽ തൊഴുത്തിന്റെ മേൽത്തട്ടിൽ നിന്ന് മൃഗഡോക്ടറായ എന്റെ കഷണ്ടിയിൽ തോണ്ടാറുണ്ട് ജോലിക്കിടയിൽ. പലപ്പോഴും സൈക്കിൾ മാത്രമല്ല അങ്ങനെ എന്തൊക്കെയോ സാധനങ്ങൾ...കഴിഞ്ഞ അഞ്ചോ പത്തോ വർഷമായി ഒരിക്കൽപോലും ഉപയോഗിച്ചിട്ടില്ലാത്തതും , ഇനി വിദൂരഭാവിയിൽ പോലുഉപയോഗിക്കാൻ സാധ്യതയില്ലാത്തതുമായ അനവധി സംഗതികളുണ്ട് ഓരോ മലയാളി വീടുകളിലും.അന്യന് അത്യാവശ്യമായ ഒന്നായിരിക്കുമ്പോൾ തന്നെ അനാവശ്യമായ സ്ഥലം മുടക്കികളായി പ്രഭയറ്റ് കഴിയാൻ വിധിക്കപ്പെട്ട അനവധി സാധനങ്ങൾ.
അടുക്കളപ്പുറത്തെ വർക്ക് ഏരിയയിൽ പൊടിപിടിച്ചു കിടക്കുന്ന ആ തയ്യൽ മെഷീൻ, കഴിഞ്ഞതിന്റെ മുന്നിലെക്കൊല്ലം വീണ് കാലൊടിഞ്ഞപ്പോൾ വാങ്ങിയ ആ വാക്കർ,അച്ഛൻ അവസാന നാളുകളിൽ ഉപയോഗിച്ച ചക്രക്കസേര,പഴയ ഡൈനിംഗ് ടേബിൾ ,ആ ഒരുജോടി ഷട്ടിൽ ബാറ്റുകൾ,നിങ്ങൾ കൈകൊണ്ട് തൊടാറില്ലാത്ത യുറേക്കാ ഫോബ്സിന്റെ വാക്വം ക്ലീനർ ,നിറം ഇഷ്ടമല്ലാത്തത് കൊണ്ട് കുട്ടികൾ ഉപയോഗിക്കാത്ത നിങ്ങളുടെ പഴയ ആ ട്രോളി ബാഗ്...ശ്രദ്ധിച്ചു നോക്കൂ
നിങ്ങളുടെ വീടിന്റെ ഒരു പത്ത് ശതമാനം സ്ഥലമെങ്കിലും കൈയ്യടക്കി വെച്ചിരിക്കുന്നത് നിങ്ങൾ ഇനി ഒരിക്കൽപോലും ഉപയോഗിക്കാനിടയില്ലാത്ത ഇത്തരം സാധനങ്ങളാണ്.വെള്ളം കയറി പുറത്തേക്ക് വലിച്ച് ഇറക്കിയിട്ടപ്പോളാണ് ഇതൊക്കെ എന്തിനായിരുന്നു എന്നു മാത്രമല്ല എവിടെയായിരുന്നു എന്നു പോലും നിങ്ങൾ അമ്പരന്നത്.
എന്തു കൊണ്ടാവും നമ്മളിതൊന്നും ഒഴിവാക്കാഞ്ഞത്?നമ്മൾ അത്ര പിശുക്കന്മാരായിട്ടൊന്നുമല്ല ഒരു പക്ഷേ ആരെങ്കിലുമൊരാൾ ചോദിച്ചിരുന്നെങ്കിൽ നമ്മൾ തീർച്ചയായും



കൊടുക്കുകയും ചെയ്തേനേ.
പക്ഷെ ഒരു തരം മടി,അതവിടെ ഇരുന്നോട്ടെ എന്ന ഒരു വെറും തോന്നൽ വൈകാരികമായി അത്രമേൽ പ്രിയപ്പെട്ടവയൊഴിച്ചുള്ളവയെല്ലാം  വീട്ടിൽ വെറുതേയിരുന്ന് ഉപയാഗശ്യന്യമാവുന്നതിന് അത്രയും സിമ്പിളായ കാരണങ്ങളേ ഉള്ളൂ.പഴയവ അങ്ങനെ കൊടുക്കാമോ?
പഴയവ ആളുകളങ്ങനെ സ്വീകരിക്കുമോ?
അതവരുടെ അത്മാഭിമാനത്തെ മുറിപ്പെടുത്തുകയില്ലേ എന്നൊക്കെ ആശങ്കപ്പെടുന്നവരുണ്ടാകും.അവരോട് എനിക്ക് പറയുവാനുള്ളത് ഒന്ന് മാത്രമാണ്.
നിങ്ങൾ കൊടുക്കുന്നത് പഴയതോ പുതിയതോ എന്നതിനേക്കാൾ പ്രധാനം നിങ്ങൾ ഏതു വിധത്തിൽ കൊടുക്കുന്നു എന്നതിനാണ്.എപ്പോൾ ഏത് അവസരത്തിൽ എന്ത് തരം മനോഭാവത്തോടെ കൊടുക്കുന്നു എന്നതാണ് തീർച്ചയായും പ്രധാനം.

ചാക്കുകളിൽ വാരിക്കെട്ടിയനിലയിൽ ദുരിതാശ്വാസക്യാമ്പുകളിൽ തള്ളപ്പെട്ട പഴയ വസ്ത്രങ്ങൾ അവർക്ക് അപമാനകരമായി തോന്നിയത് മേൽപറഞ്ഞ കാര്യങ്ങളിലെ ശരിയില്ലായ്മ കൊണ്ടാണ്.അവ പാക്ക് ചെയ്യപ്പെട്ട രീതിയും അവ വിതരണം ചെയ്യപ്പെട്ട രീതിയും അതിന്റെ ആവശ്യക്കാരനെ ബഹുമാനിക്കും വിധമായിരുന്നില്ല. എന്റെ സ്നേഹം എന്നതിനേക്കാൾ എന്റെ ഭിക്ഷ എന്ന നിലയിലാണ് അവ അവരോട് സംസാരിച്ചത്.അവയൊന്നും തീരെ പഴയ്വയോ ഉപയോഗശൂന്യമായവയോ ആയിരുന്നില്ല.അവ ക്യാമ്പുകളിലേക്ക് അയച്ചവരുടെ ഉദ്ദേശവും ശുദ്ധം തന്നെയായിരുന്നിരിക്കണംഎങ്കിലും അവ നിരാകരിക്കപ്പെട്ടു.
മറ്റൊരിടത്ത് മറ്റൊരു സമയത്ത് സ്നേഹപൂർവ്വം കൈമാറ്റം ചെയ്യപ്പെട്ടിരുന്നുവെങ്കിൽ കൊടുക്കുന്നതിന്റെയും വാങ്ങുന്നതിന്റെയും ആഹ്ലാദം ഉത്പാദിപ്പിക്കാൻ കഴിയുമായിരുന്ന അവയിൽ പലതും അനാഥമായി ആർക്കും വേണ്ടാത്ത അനാവശ്യവസ്തുക്കളായി നിർദ്ദാക്ഷിണ്യം ഉപേക്ഷിക്കപ്പെട്ടു.ആവശ്യക്കാർ നമുക്ക് ചുറ്റും തന്നെ ഇല്ലാഞ്ഞിട്ടാണോ?നിങ്ങളെ അടുക്കളപ്പണിയിൽ സഹായിക്കാൻ വരുന്ന ആ സ്ത്രീയുടെ ബന്ധുക്കളായ പെൺകുട്ടികൾ,പഴയ പത്രങ്ങൾ വാങ്ങാൻ വരുന്ന ആ കൗമാരക്കാരൻ,നിങ്ങളുടെ ബ്യൂട്ടിപാർലറിലെ സഹായികളായി ജോലി ചെയ്യുന്ന ആ പെൺകുട്ടികൾ,നിങ്ങളുടെ ഫ്ലാറ്റിലെ/ ഓഫീസിലെ സെക്യൂരിറ്റി ജീവനക്കാരൻ,നിങ്ങളുടെ വേസ്റ്റ് എടുക്കുവാൻ നിത്യവും വരുന്ന ആ ചേച്ചിമാർ,നിങ്ങൾ നിത്യം പോകുന്ന മാളിലെ ലിഫ്റ്റ് ഓപ്പറേറ്ററായ ആ ചെറുപ്പക്കാരി..ചാദിച്ചു നോക്കിയിട്ടുണ്ടോ   എന്റെ ചില വസ്ത്രങ്ങളുണ്ട് ഉപയോഗിച്ചത്,തന്നാൽ വിരോധമുണ്ടോ എന്ന്? ഇല്ല എന്നാണ് ഉത്തരമെങ്കിൽ നല്ല വൃത്തിയായി അലക്കി പാക്ക് ചെയ്ത് അവർക്ക് കൊടുത്തു നോക്കിയിട്ടുണ്ടോ? അവർ അത് അമൂല്യമായി സൂക്ഷിച്ച് വിശേഷ അവസരങ്ങളിലേക്കായി മാറ്റി വെക്കുന്നത് കണ്ടിട്ടുണ്ടോ.?

കരളത്തിൽ മദ്ധ്യവർഗ്ഗത്തിനും ദരിദ്രർക്കുമിടയിൽ പേരില്ലാത്ത ഒരു സാമ്പത്തിക വിഭാഗം കൂടിയുണ്ട് നിലവിൽ. അവരിൽ പെട്ടവരാണ് ഞാൻ മുൻപ് പറഞ്ഞവരിൽ പലരും. നിങ്ങളോട് യാചിക്കുവാൻ സ്വാതന്ത്ര്യമോ മനസോ ഇല്ലാത്തവർ. മാന്യമായി ജീവിക്കുന്നുണ്ട് എന്ന് സമൂഹത്തെ ബോധ്യപ്പെടുത്തേണ്ട ബാധ്യതയുള്ളവർ. നമ്മൾ പറഞ്ഞുവന്നത് അതിനെപ്പറ്റിയല്ല. നമുക്ക് ആവശ്യമില്ലാത്ത വസ്തുക്കളെ അനന്തമായി സൂക്ഷിച്ചു വെക്കുന്നതിനെപ്പറ്റിയാണ്. അവ അങ്ങനെ സൂക്ഷിച്ചു വെക്കാതെ ആവശ്യക്കാർക്ക് അപ്പോഴപ്പോൾ കൊടുക്കാൻ ശ്രമിച്ചാലോ എന്നാണ്.ഒരാൾക്ക് എത്ര ഭൂമി വേണം

*ശേഷം പേജ് 6 ൽ*

എന്നതുപോലെ തന്നെ സങ്കീർണ്ണമാണ് ഒരാൾക്ക് എത്രയൊക്കെ സൗകര്യങ്ങളും സാമഗ്രികളും വേണം എന്നുള്ളതും.എല്ലാ മനുഷ്യർക്കും മിനിമം സൗകര്യങ്ങൾ ഉറപ്പായ ഒരിടത്ത് സാധ്യമായ ആളുകൾക്ക് അവർക്ക് വേണ്ടത്രയും സൗകര്യങ്ങൾ ആകുന്നതിൽ ചില്ലറ അസൂയയൊക്കെ തോന്നാമെങ്കിലും അതിൽ വലിയ തെറ്റൊന്നുമില്ല എന്നതാണ് സമൂഹം പൊതുവേ അംഗീകരിച്ചിട്ടുള്ള സംഗതി.

ആ സാമൂഹിക സമ്മതി നിലനിൽക്കുന്നതുകൊണ്ടാണ് ലംബോർഗ്ഗിനി ഓടിക്കാൻ കഴിയാത്ത റോഡുകളെക്കുറിച്ചുള്ള മല്ലികാസുകുമാരന്റെ സങ്കടങ്ങളെ തമാശയായിട്ടാണെങ്കിൽ പോലും ജനങ്ങൾ അംഗീകരിച്ചു കൊടുക്കുന്നത്.

ചെളി വെള്ളത്തിൽ ചവിട്ടി നടക്കുന്ന കലക്ടറെ നാം പുകഴ്ത്തി സ്തുതിക്കുമ്പോൾ കൂടെ നടക്കുന്ന പോലീസുകാരുൾപ്പെടെയുള്ളവർ നമ്മുടെ കണ്ണിലങ്ങനെ പ്രത്യേകം പെടാതെ പോകുന്നതും നാം ചിലർക്ക് ചില ജീവിത രീതികൾ സങ്കൽപ്പിച്ച് ചാർത്തി നൽകിയിട്ടുണ്ട് എന്നതിനാലാണ്.അതവിടെ നിൽക്കട്ടെ.

വെള്ളം കയറി നാശമാക്കിയ വീടുകളിൽ നിന്ന് വലിച്ച് പുറത്തിട്ട ഇത്തരം വസ്തുക്കളുടെ ബാഹുല്യം കണ്ടതു കൊണ്ടാണ് ഇപ്പോൾ ഇത് എഴുതുവാനിടയായത് എങ്കിലും ഇതിന്റെ മൂലകാരണം ഒരു പുസ്തകമാണ്. ദ ജന്റിൽ ആർട്ട് ഓഫ് സ്വീഡിഷ് ഡെത്ത് ക്ലീനിംഗ് എന്ന പുസ്തകം.ഞാൻ ചെയ്യാൻ ആഗ്രഹിക്കുന്നതും അതേ സമയം ഒരിക്കലും എന്നെക്കൊണ്ടതിനാവില്ല എന്ന് എനിക്ക് ഉറപ്പുള്ളതുമായ മനോഹരമായ ഒരു സ്വീഡിഷ് ആചാരത്തെക്കുറിച്ചാണ് ആ പുസ്തകം.ഡെത്ത് ക്ലീനിംഗ് എന്നാകുന്നു ആ സ്വീഡിഷ് സംഗതിയുടെ പേര്.ഡോസ്റ്റാഡ്നിംഗ് എന്നോ മറ്റോ ആണ് അവരുടെ ഭാഷയിൽ .ഒരു ജീവിതം ആരംഭിക്കുമ്പോൾ നിങ്ങൾ എത്ര ശ്രദ്ധയോടെയും താത്പര്യത്തോടെയും ഓരോരോ വസ്തുക്കൾ സ്വരൂപിച്ചു കൂട്ടിയോ,അതേ താത്പര്യത്തോടെ ഓരോന്നിനേയും കൈയ്യൊഴിയുകയും ശാന്തമായി മരണത്തിലേക്ക് നടന്നു പോകുവാൻ തയ്യാറാവുകയും ചെയ്യുക എന്ന മഹത്തായ ഒരു സങ്കൽപമാണത്.നിങ്ങൾ ആലോചിച്ചിട്ടുണ്ടോ കാലമെത്തി മരിക്കുന്ന ഒരുവന് അവന്റെ അവസാന നാളുകളിൽ ഇന്നലെ വരെ അവന്റെയായിരുന്ന എന്തൊക്കെ വസ്തുക്കളാണ് അനാവശ്യമായി വരിക?കുളിമുറിയിൽ വഴുക്കാത്ത ഒരു ജോടി ചെരുപ്പിനോളം വിലയുണ്ടാകുമോ യുവാവായ അയാൾ ചീറിപ്പാഞ്ഞു നടന്നിരുന്ന ആ സ്പോർട്ട്സ് ബൈക്കിന് അപ്പോൾ ?.ശ്വാസം കിട്ടാതെ വിമ്മിട്ടപ്പെടും നേരം വലിക്കാനുള്ള ആ ഇൻഹേലറിന്റെ നൂറിലൊന്ന് വിലയുണ്ടാകുമോ അവരുടെ അടുക്കള അലമാരിയിലെ ആ ക്രിസ്റ്റൽ പാനപാത്രങ്ങൾക്ക്?ഊരാനും ഇടാനും എളുപ്പമുള്ള കനം കുറഞ്ഞ കുപ്പായങ്ങൾ തണുപ്പിനെ പ്രതിരോധിക്കാനുള്ള ഒരു സ്വെറ്റർ,ബലമുള്ള ഒരു ഊന്നുവടി, കൈവരികൾ

**അനാവശ്യമായവയെ ഉപേക്ഷിച്ചുപേക്ഷിച്ച് പോകുക ഒന്നും കൂടെ കരുതാനാവാത്ത ആ അവസാന യാത്രക്ക് പുറപ്പെടുമ്പോൾ അവനവന്റെ എന്ന് വളരെ ലളിതമായ ചിലത് മാത്രം ഭൂമിയിൽ ശേഷിപ്പിക്കുക.... എത്ര മനോഹരമായ ആശയമാണിത്?**

പിടിപ്പിച്ച വഴുക്കൽ കുറഞ്ഞ കുളിമുറി,അയാളുടെ /അവളുടെ പ്രയോറിറ്റികൾ എത്രവേഗത്തിലാണ് മാറി മറിയുന്നത് അല്ലേ?അത്രയേ ഉള്ളൂ കാര്യം. ഇന്നിപ്പോൾ സ്വന്തമാക്കി അഹങ്കരിക്കുന്നതൊക്കെയും നിങ്ങളെ സംബന്ധിച്ചിടത്തോളം ഉപയോഗശൂന്യമാവുന്ന ഒരു കാലം വരിക തന്നെ ചെയ്യും.ആ യാത്രക്കുള്ള ഒരുക്കമാണ് ഈ പറഞ്ഞ ഡെത്ത് ക്ലീനിംഗ്. അനാവശ്യമായവയെ ഉപേക്ഷിച്ചുപേക്ഷിച്ച് പോകുക. ഒന്നും കൂടെ കരുതാനാവാത്ത ആ അവസാന യാത്രക്ക് പുറപ്പെടുമ്പോൾ അവനവന്റെ എന്ന് വളരെ ലളിതമായ ചിലത് മാത്രം ഭൂമിയിൽ ശേഷിപ്പിക്കുക!. എത്ര മനോഹരമായ ആശയമാണ് അല്ലേ?
പക്ഷേ നമ്മളേക്കൊണ്ടതാകുമോ? നിങ്ങളുടെ കാര്യം എനിക്ക് അറിഞ്ഞുകൂട പക്ഷേ എനിക്കതിന് ആവില്ല എന്നത് ഏതാണ്ട് ഉറപ്പാണ്. എനിക്ക് അത്രമേൽ അറ്റമില്ലാത്തതാണ് ആശാപാശം.അല്ലെങ്കിൽ അത്രയൊന്നും വളർന്നിട്ടില്ല എന്റെ മനസ്.എങ്കിലും നമുക്ക് ചിലത് ശ്രമിക്കാം എന്ന് തോന്നുന്നു.


വൈരാഗ്യങ്ങളെ വാശികളെ ഒക്കെ ആദ്യമുപേക്ഷ,ിക്കാം നമുക്ക്.ഞാൻ എന്ന ഭാവത്തേയും എനിക്ക് ,എനിക്ക് എന്ന ആർത്തിയേയും ഉപേക്ഷിക്കാം.
എതാണ് എന്ന ഭാവത്തിൽ നിന്നും എന്റേത് കൂടിയാണ് എന്ന് ചുറ്റുമുള്ളവരെ കാണാൻ ശ്രമിക്കാം.അതിമോഹങ്ങളെ അസൂയയെ ഒക്കെ പതുക്കെ പതുക്കെ നമുക്ക് വഴിയിലുപേക്ഷിക്കാം.മനസിലെങ്കിലും പ്രായോഗികമാക്കം മരണത്തിനുവണ്ടിയുള്ള ആ ശുചീകരണം.
അത് സാധ്യമായാൽ ഒരു പക്ഷേ മറ്റേതും എളുപ്പത്തിൽ സാധ്യമാവുമായിരിക്കും അല്ലേ?.മനസ് ശുദ്ധമായാൽ മനുഷ്യനോളം നല്ലൊരു ജീവി ഭൂമിയിലുണ്ടോ?

# പെൺകുട്ടികളുടെ കളിസ്ഥലം

പ്രമോദ് ഇരുമ്പുഴി

എനിക്കും എന്റെ വീടിന്റെ ചുറ്റുവട്ടത്തുള്ള നാലു വീടുകളിലും മുഴുവൻ പെൺകുട്ടികളാണ്. അവർ കൂട്ടുകൂടുന്നതും കളിക്കുന്നതും ഞാൻ ശ്രദ്ധിക്കാറുണ്ട്. വീട്ടിനുള്ളിലൊ മുറ്റത്തോ മാത്രമായിരിക്കും അവരുടെ കളിസ്ഥലം. വീടിന് മുമ്പിലെ പീടികമുറിയിലും റോഡരികിലെ ഷെഡ്ഡിലും വയലുകളിലും പറമ്പുകളിലും വ്യത്യസ്ത പ്രായത്തിലുള്ള ആൺകുട്ടികളും ചെറുപ്പക്കാരും രാപ്പകൽ ഭേദമെന്യേ ഉല്ലസിക്കുമ്പോഴാണ് പെൺകുട്ടികൾക്ക് ഈ ദുരവസ്ഥ. എട്ടാംക്ലാസ്സിൽ എത്തുമ്പോഴേക്കും ആരാന്റെ വീട്ടിൽ പോകാനുള്ളതാണ് എന്ന് ഭീഷണി പറഞ്ഞ് വീട്ടുകാർ പെൺകുട്ടികളെ കൂട്ടിലേക്കുള്ള വഴി കാണിച്ചുകൊടുക്കും. ഇലയിൽ മുള്ളു വീഴുന്ന.... കഥ ചെവിയിൽ തിരുകിക്കൊടുത്ത് കൂട്ടുകാരും കുടുംബക്കാരും സംതൃപ്തി അടയും. വഴിയിൽ കാണുന്ന ചെറുപ്പക്കാരോട് ആരോട് ചിരിച്ചാലും വാട്സാപ്പ് നമ്പർ ഉടൻ ചോദിക്കുമെന്ന് ദേഷ്യത്തോടെ ( പുച്ഛത്തോടെ) പറഞ്ഞ ഒരു പെൺകുട്ടിയുടെ ചിത്രം മനസ്സിൽ ഇപ്പോഴും കൊത്തിവെച്ചപോലെ നിൽക്കുന്നുണ്ട്. സ്ലിറ്റ് ഉള്ള ചുരിദാർ എല്ലാ അധ്യാപികമാരും ധരിക്കുമെങ്കിലും തന്റെ മുമ്പിലെ വിദ്യാർത്ഥിനികൾ അത് ധരിച്ചാൽ ആകാശം ഇടിയുമെന്ന മട്ടിലും , ഏത് ചൂടുകാലത്തും ചുരിദാറിന് മുകളിൽ കോട്ടിട്ടാൽ പിന്നെ ഒന്നിനെയും പേടിക്കേണ്ട എന്ന മരുങ്ങി ലുമാണ് സ്കൂളിലെ സദാചാരത്തിന്റെ ഏങ്കോണിച്ച നിൽപ്പ്.

നടേ പറഞ്ഞ പെൺകുട്ടികളുടെ കളിസ്ഥലത്തിലേക്ക് തന്നെ തിരിച്ച് നടക്കാം. നാട്ടിലേറെ മൈതാനങ്ങളുണ്ടെങ്കിലും അവയിലൊന്നിൽപോലും നാട്ടിലെ പെൺകുട്ടികൾക്ക് ഇടമില്ല എന്ന അന്യായം കാലങ്ങളായി തുടരുന്ന പല്ലിളിച്ച സത്യമാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സർക്കാരും പൊതുപ്രവർത്തകരും ഒരു തുടക്കമെന്ന രീതിയിൽ പഞ്ചായത്തിൽ ഒരു കളിസ്ഥലം എങ്കിലും സ്ഥാപിക്കുന്ന കാര്യത്തിൽ മുന്നോട്ടുവരുമോ?



അഭിമുഖം

വി.എച്ച് നിഷാദ്/ഹാരിസ് നെന്മേനി

# വാക്കുകൾ വെടിയുണ്ടയുതിർക്കേണ്ട കാലം...

*എതിർശബ്ദങ്ങൾ കഴിച്ചു മൂടപ്പെടുന്ന കാലമാണിത്. എതിർശബദങ്ങൾക്കായി നിലകൊണ്ട് ഒടുവിൽ അപമൃത്യുവിനിരയായ ഡൽഹിയിൽ നിന്നിറങ്ങിയിരുന്ന ഫ്രീ പ്രസ് മാഗസിനെയും അതിന്റെ ധീരരായ പ്രവർത്തകരെയും ഓർമിക്കേണ്ടതതുണ്ട്.വിനോദ് ജോസിനോടൊപ്പം മാഗസിന്റെ ചുക്കാൻ പിടിച്ചിരുന്ന വി.എച്ച് നിഷാദ് സംസാരിക്കുന്നു.....*

പൊളിറ്റിക്കൽ ജൈവാംശമുള്ള രചനകളാൽ മലയാള കഥയുടെ ആകാശത്ത് മിന്നിനിൽക്കുന്ന താരസാന്നിദ്ധ്യമാണ് വി.എച്ച്.നിഷാദ്. 1996 ൽ പ്രസിദ്ധീകൃതമായ ആദ്യ കഥ മുതൽ പോയ രണ്ടു പതിറ്റാണ്ടുകളായി സജീവമായി കഥയെഴുതുന്ന നിഷാദിന് തീർത്തും വ്യത്യസ്തവും സമ്പന്നവുമായ പത്രപ്രവർത്തകന്റെ പശ്ചാത്തലവുമുണ്ട്. തളിപ്പറമ്പ് സർ സയ്യിദ് കോളേജിൽ കുട്ടികളെ ജേർണലിസം പഠിപ്പിക്കുന്ന നിഷാദ് സമാന്തരമാസികകളുടെ രംഗത്തും സജീവമായിരുന്നു. രാജ്യാന്തരതലത്തിൽ തന്നെ ശ്രദ്ധേയമായ 'ഫ്രീ പ്രസ് ' മാഗസിന്റെ തുടക്കക്കാരിലൊരാളായ നിഷാദിന് അക്കാലത്തെ സംബന്ധിച്ച് പറയാൻ ഏറെയുണ്ട്.വെല്ലുവിളികൾ നിറഞ്ഞ ആ കാലത്തെക്കുറിച്ച് , പ്രവർത്തന രീതികളെക്കുറിച്ച് ..
എഴുത്തുകാരൻ ഹാരിസ് നെൻമേനിയുമായി നടത്തിയ സംഭാഷണത്തിൽ നിന്ന്

**ഹാരിസ് : ഫ്രീ പ്രസ് കാലത്തിന് മുമ്പുള്ള കാലം എങ്ങനെയായിരുന്നു?**

നിഷാദ് :- വയനാട് മാനന്തവാടി മേരി മാതാ കോളേജിലാണ് ഞാൻ ഗ്രാജ്വേഷൻ ചെയ്തത്. അക്കാലത്തെ സഹപാഠിയായിരുന്ന ഫ്രീ പ്രസ്സിന്റെ സ്ഥാപകരിലൊരാളായിരുന്ന സുഹൃത്ത് വിനോദ് ജോസ്. ഡിഗ്രിക്ക് ശേഷം ഞങ്ങൾ രണ്ട് വഴിക്ക് പോയി. ഞാൻ എം.ജി യൂണിവേഴ്സിറ്റിയിലും വിനോദ് മണിപ്പാൽ യൂണിവേഴ്സിറ്റിയിലും ജേർണലിസത്തിന് ചേർന്നു. പഠനകാലത്ത് തന്നെ വ്യത്യസ്തമായ ഒരു മാഗസിൻ തുടങ്ങണമെന്നത് അക്കാലത്ത് തന്നെയുള്ള ഒരാഗ്രഹമായിരുന്നു.

**ഹാരിസ് :- എങ്ങനെയായിരുന്നു ഫ്രീ പ്രസ്സിന്റെ ഉൽഭവം, അതിന്റെ 'കോർ കൺസെപ്റ്റ് ' എന്തായിരുന്നു?**

നിഷാദ് :- പഠനകാലത്തിന് ശേഷം ദില്ലിയിലാണ് ഞങ്ങൾ ഒത്തുചേർന്നത്. ഇൻവെസ്റ്റിഗേറ്റീവ് ഡവലപ്പ്മെന്റ് ജേർണലിസം എന്നതായിരുന്നു ഞങ്ങളുടെ മോട്ടോ. ജനങ്ങൾക്ക് വേണ്ടി നിൽക്കുക എന്നത് ഞങ്ങൾ നിശ്ചയിച്ചിരുന്നു. അതിന്റെ റിസ്ക്ക് ഫാക്ടറുകളും കണക്കിലെടുത്തിരുന്നു. ഏതായാലും നല്ല ഹോംവർക്ക് ഇതിനായി ഞങ്ങൾ നടത്തിയിരുന്നു. ആദ്യത്തെ ഇഷ്യുവിലേക്ക് വേണ്ട കവർ സ്റ്റോറി ഉൾപ്പടെയുള്ളത് പ്ലാൻ ചെയ്ത് മികച്ച തയ്യാറെപ്പുകൾ നടത്തിയിരുന്നു. ദില്ലി ദ്വാരകാപുരിയിലായിരുന്നു ഓഫീസ്. ജെ.എൻ.യു , ജാമിയ മിലിയ , ബ്രിട്ടീഷ് ലൈബ്രറി തുടങ്ങിയവ ഞങ്ങളുടെ ആസ്ഥാനത്തിനടുത്തായിരുന്നു. ഇവയുമായി ഞങ്ങൾ പ്രൊഫഷണൽ ബന്ധം വയ്ക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്തു .



വി.എച്ച്.നിഷാദ്

: **എങ്ങനെയാണ് ഫ്രീപ്രസ്സിന്റെ ഓപ്പറേഷൻസ് ? ഏത് വിധത്തിലാണ് അത് മുമ്പോട്ട് പോയത് ?**

നിഷാദ്: നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ എന്നറിഞ്ഞുകൂടാ.. ..' കേരളത്തിലെ യുവത്വം അസംതൃപ്തരാണ് ' എന്ന ഒരു കവർസ്റ്റോറിയോടെയായിരുന്നു ഞങ്ങളുടെ തുടക്കം. ഇതിനായി സംസ്ഥാനമങ്ങോളമിങ്ങോളം സഞ്ചരിക്കുകയും ആയിരത്തിലേറെ ചെറുപ്പക്കാരെ കണ്ട് സർവ്വേ നടത്തുകയും ചെയ്തു. അതിന്റെ ഫലം ഉൾപ്പെടുത്തിക്കൊണ്ടുള്ള കവർ സ്റ്റോറിയോടു കൂടിയ ആദ്യ ഇഷ്യൂ ഏറെ ചർച്ച ചെയ്യപ്പെട്ടു. അതേത്തുടർന്ന് മറ്റ് വിഷയങ്ങളും ഒന്നിന് പിറകേ ഒന്നായി ചെയ്തു.

ഹാരിസ് : **വൻ തോക്കുകളുമായും ഭരണകൂടവുമായിപ്പോലും ഏറ്റുമുട്ടലുകളും ഉണ്ടായതിനെപ്പറ്റി കേട്ടിട്ടുണ്ട്.. ..**

നിഷാദ്: ശരിയാണ്, അക്കാലം ഞങ്ങൾ വലിയ ഭീഷണിയുടെ നിഴലിലായിരുന്നു. ഞങ്ങൾ ഏറ്റെടുത്ത വിഷയങ്ങൾ തന്നെയായിരുന്നു അതിന് കാരണമായതും. സിക്ക് കൂട്ടക്കൊല, പാർലമെന്റാക്രമണം, എൻകൗണ്ടർ കൊലകൾ, കരിമണൽ ഖനനം, ഇസ്ലാമോഫോബിയ, വൻകിടക്കാരുടെ നിരോധിത സാമ്രാജ്യങ്ങൾ.. ..തുടങ്ങിയ വിഷയങ്ങൾ ഒന്നിന് പിന്നാലെ ഒന്നായി ഞങ്ങൾ ഏറ്റെടുത്തു. സ്വാഭാവികമായും ഞങ്ങൾ ഭരണകൂടത്തിന്റെ തൽപ്പരകക്ഷികളുടെയും നോട്ടപ്പുള്ളികളായി മാറി.

ഞാനും വിനോദും ഷൈജിത്തുമുൾപ്പടെ ഞങ്ങളുടെ സംഘത്തിലെ ഇരുപത് പത്രപ്രവർത്തകരും സമ്മർദ്ദത്തിലായി അതിസമ്മർദ്ദത്തിലായി.


വിനോദ് ജോസിനെ കൊലപ്പെടുത്താനും ഞങ്ങളെയൊക്കെ ഉപദ്രവിക്കാനും ശ്രമമുണ്ടായി. വിനോദിന്റെ സർട്ടിഫിക്കറ്റുകളും രേഖകളും കത്തിച്ചുകളഞ്ഞ സംഭവമുണ്ടായി. ഞങ്ങളുടെയെല്ലാം ഫോണുകളും ചോർത്താൻ തുടങ്ങി. എനിക്ക് താമസസ്ഥലത്തേക്ക് വന്ന കത്തുകൾ നഷ്ടപ്പെടാനും പൊട്ടിച്ച് വായിക്കപ്പെടാനും തുടങ്ങി. നിഷാദ് എന്ന പേര് സെക്കുലറായ ഒരു പേരായിരുന്നില്ല എന്നതും അതിന് കാരണമായിട്ടുണ്ടാവും.

ഹാരിസ് : **'ഫ്രീ പ്രസ്സി'ന്റെ പ്രവർത്തനം 2006 ൽ അവസാനിപ്പിച്ചതായി മനസ്സിലാക്കുന്നു. എന്തായിരുന്നു ആ പിൻമാറ്റത്തിന് പിന്നിലെ കാരണങ്ങൾ ?**

നിഷാദ്: യഥാർത്ഥത്തിൽ ഫ്രീ പ്രസ്സിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയായിരുന്നില്ല അർദ്ധവിരാമമിടുക മാത്രമാണ് ചെയ്തത്. തീർത്തും മുന്നോട്ടുപോവാൻ പറ്റാത്ത

*അടുത്ത പേജിൽ*

**എഡിറ്റർ വിനോദ് ജോസിനെ കൊലപ്പെടുത്താനും ഞങ്ങളെയൊക്കെ ഉപദ്രവിക്കാനും ശ്രമമുണ്ടായി. വിനോദിന്റെ സർട്ടിഫിക്കറ്റുകളും രേഖകളും കത്തിച്ചുകളഞ്ഞ സംഭവമുണ്ടായി. ഞങ്ങളുടെയെല്ലാം ഫോണുകളും ചോർത്താൻ തുടങ്ങി....**



വിനോദ് ജോസ്

*(വിനോദ് ജോസ് ഇപ്പോൾ കാരവാൻ എന്ന ഉന്ത്യയിലെ എറ്റവും ശക്തമായ നരേറ്റീവ് മാസികയുടെ എഡിറ്ററാണ്.ശക്തമായ മാദ്ധ്യമ ഇടപെടലുകളിലുടെ കോപ്പറേറ്റ്-ഭരണകുട ലോബിയുടെ കണ്ണിലെ കരടായി കാരവാൻ മാറിക്കഴിഞ്ഞിരിക്കുന്നു)*

# പാത

സാഹിറ



പാതയിലൂടെ നടക്കുമ്പോൾ
പാതയും എന്റെ കൂടെ നടക്കുന്നു
എന്റെ മൗനം, ചുണ്ടുകളേയും പല്ലുകളേയും
നാവിനേയും വിട്ട്,
കാതുകളേയും വിട്ട്,
വാക്കിന്റെ സകല ആടയാഭരണങ്ങളും വെടിഞ്ഞ്,
പാതയുടെ ആത്മാവുമായൊരു
മൗനരൂപത്തിലേക്ക് തിരിയുന്നു.

ഈ പാത എന്നെയൊരിടത്തേക്കെത്തിക്കുമെന്ന്
ഞാനും
ഞാനതിനെ ഒരിടത്തേക്കെത്തിക്കുമെന്ന്
പാതയും വിചാരിക്കുന്നു

ബന്ധങ്ങളെ ചൊല്ലി
ഞങ്ങൾ മൗനത്തിലൂടൊരു
തർക്കത്തിലാവുന്നു

ഞാനും പാതയും തമ്മിലുള്ള ബന്ധം
പാതയും ഇടവും തമ്മിലുള്ള ബന്ധം
ഇടവും ഞാനും തമ്മിലുള്ള ബന്ധം

കലഹത്തിൽ തന്നെയുള്ള
വിശ്വാസം നഷ്ടപ്പെട്ടാണ് ഞാൻ
പാതയിൽ നിന്ന് വേർപെട്ട്
ഏതോ ഇടവഴിയിലൂടിറങ്ങി പോന്നത്

പാതയിന്നും അതേവഴിയിൽ
കാത്തുനിൽക്കുന്നുണ്ടാവാം
ഞാൻ മണത്ത, പാത വെട്ടിയ ആളുടെ
വിയർപ്പ് മണക്കുന്നുണ്ടാവാം
ഞാൻ കേട്ട, അയാളുടെ
കിതപ്പ് കേൾക്കുന്നുണ്ടാവാം

ഞങ്ങൾ കേട്ട മൗനത്തിൽ
മറ്റൊരാൾ കൂടിയുണ്ടെന്നറിഞ്ഞ്
പാതയും,
മറ്റൊരിടവഴിയിൽ കൂടി
ഇറങ്ങിപ്പോയേക്കാം.

---

***വാക്കുകൾ വെടിയുണ്ടകളുതിർക്കേണ്ട കാലം...***

സാഹചര്യങ്ങളുണ്ടായപ്പോഴാണ് അങ്ങനെ ചെയ്യേണ്ടി വന്നത്. വിശേഷിച്ചും റിലയൻസുമായുള്ള പ്രശ്നങ്ങൾ. അവരുടെ ബ്ലാക്ക്മണി ഓപ്പറേഷൻസിനെക്കുറിച്ചും മറ്റ് നിരോധിത സാമ്രാജ്യ നിർമ്മിതിയെപ്പറ്റിയും ഞങ്ങൾ സ്റ്റോറി ചെയ്തു. ഫ്രീ പ്രസ്സിന്റെ ആറാമത്തെ ഇഷ്യൂവിലാണെന്നാണ് എന്റെ ഓർമ്മ. ഇന്ത്യയിൽത്തന്നെ മലയാളത്തിലാണ് അങ്ങനെയൊന്ന് ആദ്യമായി വരുന്നത്. അത് വലിയ ചലനങ്ങളുണ്ടാക്കി. സ്വാഭാവികമായി റിലയൻസ് അടങ്ങിയിരുന്നില്ല. അവർ എല്ലാതരത്തിലും ഞങ്ങളെ ഞെരുക്കാൻ തുടങ്ങി. ഭരണകൂടത്തിന്റെ പിന്തുണയും അവർക്കുണ്ടായിരുന്നു. ഞങ്ങൾ വേട്ടയാടപ്പെട്ടു. മാഗസിൻ പുറത്തിറക്കാൻ പ്രസ്സുപോലും നിരോധിക്കപ്പെട്ടു. ഭീഷണിമൂലം ഫ്രീ പ്രസ് ഓഫീസ് ദ്വാരകാപുരിയിൽ നിന്നും മാറ്റേണ്ടി വന്നു. അങ്ങനെ ഒരു തരത്തിലും മുന്നോട്ടുപോവാൻ ആവില്ല എന്ന സ്ഥിതി വന്നപ്പോൾ ഞങ്ങൾ തൽക്കാലത്തേക്ക് ഫ്രീപ്രസ്സിന്റെ പ്രവർത്തനങ്ങൾ നിർത്തിവെയ്ക്കാൻ നിശ്ചയിക്കുകയായിരുന്നു. ഞാൻ പിന്നീട് ഇന്ത്യാ റ്റുഡേയിലേക്ക് മാറി. വിനോദും മറ്റുള്ളവരും മറ്റു മാധ്യമ സ്ഥാപനങ്ങളിൽ ചേക്കേറി.

ഹാരിസ് : **ശരി, ഇക്കാലത്തേക്ക് വരുമ്പോൾ.., സമാന്തരമാസികകളുടെ പ്രവർത്തനം നിഷാദ് ശ്രദ്ധിക്കുന്നുണ്ടാവുമെന്ന് കരുതട്ടെ. ഇക്കാലത്ത് , സമാന്തര/ലിറ്റിൽ മാഗിസിനുകളുടെ പ്രസക്തി എന്താണ് ?**

നിഷാദ്: സമാന്തര ലിറ്റിൽ മാഗസിനുകൾക്ക് ഇപ്പോഴും സ്കോപ്പും സ്പേസും ഇവിടെയുണ്ട്. അവയുടെ വിഷയങ്ങൾ കുറേയൊക്കെ മുഖ്യധാരാ മാധ്യമങ്ങൾ ഇന്ന് ഹൈജാക്ക് ചെയ്തു എന്ന് വേണമെങ്കിൽ പറയാം. മുമ്പൊക്കെ ചില വിഷയങ്ങൾ എടുത്തിട്ട് അവ ഏതേതു മാഗസിനുകളിലാണ് പ്രത്യക്ഷപ്പെടുക എന്ന് നമുക്ക് പറയാൻ സാധിക്കുമായിരുന്നു. ഇപ്പോൾ പക്ഷേ അത് പറ്റില്ല. മാതൃഭൂമിയും മലയാളവും മാധ്യമവും അങ്ങനെ എല്ലാ മുഖ്യധാരാ പ്രസിദ്ധീകരണങ്ങളും പ്രസക്തമായ എല്ലാ വിഷയങ്ങളും ഏറ്റെടുക്കുകയും ചെയ്യുന്നു. ഏതായാലും സമാന്തര മാസികകളുടെ സ്കോപ്പ് ഇപ്പോഴുമുണ്ട്. അവ തിരിച്ച് വരികയും വേണം. തിരിച്ച് വരികയും ചെയ്യും.

ഹാരിസ് : **ഓൺലൈൻ എഴുത്തിന്റെ വായനയുടെ കാലമാണ്. എങ്കിലും നിഷാദിന് കൂടുതൽ പ്രിയം പ്രിന്റ് തന്നെയാണ് എന്ന് മനസ്സിലാക്കുന്നു.**



# കുന്നോളം ബോൾ പേനകൾ

കൊച്ചി-മുസ്സരിസ് ബിനാലെയിൽ പ്രദർശിപ്പിച്ച ഒരു ഇൻസ്റ്റലേഷന് ഉപയോഗിച്ച ഒരു ലക്ഷം ഉപയോഗിച്ച ബോൾ പേനകൾ കോഴിക്കോട്ടെ സ്കൂൾ വിദ്യാർത്ഥികളാണ് ശേഖരണം നടത്തിയത്. ഉപയോഗിച്ച പേനകൾ ശേഖരിക്കുന്ന ഒരു ശീലമായി വിദ്യാർത്ഥികൾക്കത് മാറുകയായിരുന്നു.

കോഴിക്കോട്ടെ *സ്വസ്ഥി ഫൗണ്ടേഷൻ* എന്ന സന്നദ്ധ സംഘടന കോഴിക്കോട് ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്ന് ഒരു വർഷം ശേഖരിച്ച ബോൾ പേനകളുടെ തൂക്കം അറിഞ്ഞാൽ ആരും ഞെട്ടിപ്പോകും. ഒരു ടൺ! 'മിഷൻ ബോൾ പേന' എന്ന് പേരിട്ടിരിക്കുന്ന പദ്ധതി ഉന്നം വെക്കുന്നത് പ്ലാസ്റ്റിക് ഉപയോഗ നിയന്ത്രണവും പ്ലാസ്റ്റിക് പുന:ചംക്രമണവും. സ്റ്റുഡന്റ് വോളണ്ടിയർമാർ അയൽവീടുകളിലും മറ്റുമായി ശേഖരിച്ച പേന വേസ്റ്റുകൾ സംഘടനയെ ഏൽപ്പിക്കുകയായിരുന്നു. ഹരിശങ്കർ എസ്. നായർ, ശബാബ് കാരുണ്യം എന്നീ രണ്ട് ബിരുദ വിദ്യാർത്ഥികളുടെ ആശയമാണ് മിഷൻ പേന എന്നത്. 'പെൻ ഡ്രൈവ് ടു ബിനാലെ' എന്ന കാമ്പയിന്റെ ഭാഗമായി ഒരു ലക്ഷത്തോളം പേന ശേഖരിച്ചതുപയോഗിച്ചാണ് രണ്ട് വർഷം മുമ്പ് നടന്ന കൊച്ചിയിൽ നടത്തിയ മുസ്സരിസ് ബിനാലെയിൽ പ്രദർശിപ്പിച്ച ഇൻസ്റ്റലേഷന് ഉപയോഗിച്ചത്. ബിനാലെക്ക് വേണ്ടി പേനശേഖരണം തുടങ്ങിയ വിദ്യാർത്ഥികൾ അതൊരു ശീലമാക്കുകയായിരുന്നു. ശേഖരിക്കുന്ന പേനകൾ എങ്ങനെ കൈകാര്യം ചെയ്യുമെന്ന ചിന്തയാണ് മിഷൻ ബോൾ പെൻ എന്ന ആശയത്തിലേക്ക് എത്തിച്ചത്. അങ്ങനെ ഉപയോഗിച്ച പേനകൾ ശേഖരിക്കുന്ന ഒരു ശീലം അതുവഴി മാലിന്യ സംസ്കരണത്തിന്റെ, പ്രകൃതി സംരക്ഷണത്തിന്റെ പുതിയ പാഠങ്ങൾ വിദ്യാർത്ഥികൾ അഭ്യസിച്ച് തുടങ്ങിയിരിക്കുന്നു. യഥാർത്ഥ കലാ പ്രവർത്തനം ജീവിതതല സ്പർശികൂടിയാവുന്നതാണിവിടെ.

---

നിഷാദ്: സോഷ്യൽ മീഡിയ ശരിക്കും ഒരുപാട് സാധ്യതകൾ തുറന്ന് തരുന്നുണ്ട്. സ്വയം പ്രകാശനവും പ്രസാധനവും ഒക്കെ. പക്ഷേ പ്രിന്റിൽ, നമ്മളെഴുതിയത് ഒരിക്കൽ വന്ന് പോയാൽ വന്നത് തന്നെയാണ്. അതിനാൽ നമ്മൾ നന്നായി വർക്ക് ചെയ്ത് അന്തിമപ്പെടുത്തിയാണ് അത് പ്രസിദ്ധീകരിക്കുന്നത്. മറ്റൊരു എഡിറ്റർ കൂടി അത് നോക്കുകയും ചെയ്യുന്നുണ്ട്.

ഹാരിസ് : **ഫ്രീ പ്രസ് അല്ലാത്ത സമാന്തര രംഗത്തെ അനുഭവങ്ങൾ?**

നിഷാദ്: ' ഇന്ത്യൻ ഇങ്ക് ' എന്നൊരു മാഗസിനും ഞങ്ങൾ ചില സുഹൃത്തുക്കൾ ചേർന്ന് ആരംഭിച്ചിരുന്നു. മികച്ച പ്രൊഡക്ഷനും മറ്റും ആയിരുന്നു അതിന്റേത്. അതും പക്ഷേ അധികം മുമ്പോട്ട് പോയില്ല. എങ്കിലും നമ്മൾ ശ്രമങ്ങൾ അവസാനിപ്പിക്കുന്നില്ല. 'ക്രിയേറ്റീവ് സൈക്കിൾ ' എന്ന പേരിൽ ഒരു പ്രസിദ്ധീകരണ സംരംഭം ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചില ചെറിയ പുസ്തകങ്ങൾ പുറത്തിറങ്ങുകയും ചെയ്തിട്ടുണ്ട്. വേറെയും ചിലത് , ചില ഇടപെടലുകൾ ആലോചനയിലുണ്ട്. ഏതായാലും സമാന്തര മാസികകൾ , സമാന്തര ശ്രമങ്ങൾ മാറിനിൽക്കേണ്ട കാലമല്ല ഇത്.

ഹാരിസ് : **നിഷാദ് , പത്രപ്രവർത്തക ഗൗരി ലങ്കേഷിന്റെ കൊലപാതകം. എഴുതുന്ന ഒരു വാക്ക് , പ്രചരിപ്പിക്കുന്ന ഒരാശയം കൊല്ലപ്പെടാൻ കാരണമായേക്കാവുന്ന ഭീതിതാവസ്ഥയെപ്പറ്റി.. ..**

നിഷാദ്: വാക്കുകൾ സംഗീതമാകുന്ന കാലമല്ല , വാക്കുകൾ സെൽഫീ തോക്കുകളായി ഉണ്ടയുതിർക്കുന്ന കാലമാണിത്. ഭീരുക്കളായ എഴുത്തുകാർക്കും പത്രപ്രവർത്തകർക്കും നിശബ്ദമായി ചായ കുടിക്കാവുന്ന കാലം. ഈ അവസ്ഥയെ കൂടുതൽ എഴുതിത്തന്നെയാണ് നേരിടേണ്ടത്. കൂടുതൽ കൂടുതൽ വാക്കുകൾ എന്നാൽ കൂടുതൽ കൂടുതൽ പ്രധിരോധം എന്നാണ് ഞാൻ വിശ്വസിക്കുന്നത്. പേടിക്കുന്നവർ എഴുത്ത് നിർത്തി ഭൂതകാലങ്ങളിൽ അഭിരമിക്കട്ടെ.

# മാനവികതയുടെ ആത്മീയത

**മതത്തേയും ജാതിയെയും ദൈവത്തെയും പടിക്ക് പുറത്തു നിർത്തിയുള്ള ശുദ്ധ ആത്മീയതയുടേതാവുമോ വരും കാലം?**

**അവിര ജോൺസ്**

മതവിശ്വാസങ്ങൾ വല്ലാതെ മനുഷ്യനെ വരിഞ്ഞുമുറുക്കുകയാണ് എന്നും പ്രത്യേകം പ്രത്യേകം കമ്പാർട്ട്മെന്റുകളിലൊതുക്കി മാനവികത ദുർബലമാവുന്നു എന്ന് പൊതുവെ നിരീക്ഷിക്കാറുണ്ട്. ഇവിടെയാണ് മതാതീതവും ഈശ്വരനിരപക്ഷം തന്നെയാണ് തന്നെയുമായ ആത്മീയത അവിടവിടങ്ങളിലായി ശക്തിപ്പെടുന്നതിൽ ആശ്വാസം തോന്നുന്നത്. മതവിശ്വാസങ്ങൾ എന്ന് പറയുമ്പോൾ മതവിശ്വാസം പോലെ തന്നെ ഉറഞ്ഞുകനം വെച്ച ചില വിശ്വാസങ്ങളുണ്ട്. ഏതെങ്കിലും ഒരു തത്വചിന്തകന്റെയോ രാഷ്ട്രീയനേതാവിന്റെയോ ഒക്കെ ചിന്തകൾക്കും തത്വശാസ്ത്രങ്ങൾക്കും അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ ചില ഇസങ്ങൾ നമ്മുടെ നാട്ടിൽ ചിലവേള മതവിശ്വാസം പോലെ തന്നെയായിട്ടുണ്ട്. ഒരു മിശിഹാ അഥവാ സ്ഥാപകൻ അഥവാ ദൈവം അല്ലെങ്കിൽ ദൈവം പോലൊരാൾ ഉണ്ടായിരിക്കുക അതിന് പ്രാമാണികമായ ഒരു പുസ്തകം/മതഗ്രന്ഥം ഉണ്ടായിരിക്കുക, ആർക്കും ചോദ്യം ചെയ്യാൻ കഴിയാനാവാത്ത ഉറച്ച പ്രമാണങ്ങളാണവ എന്ന് അവകാശപ്പെടുക അതിന് കീഴിൽ സമസ്ത വിജ്ഞാനവുംഅറിവും ഉൾപ്പെടും എന്ന് തീർച്ചയാക്കുക ഇവയൊക്കെയാണ് മതവിശ്വാസങ്ങളെയും മതവിശ്വാസംപോലെയായിത്തീർന്ന ആശയസംഹിതക(ഇസങ്ങൾ)ളുടെയും പൊതുസ്വഭാവങ്ങൾ. മതവിശ്വാസത്തെ ആരെങ്കിലും ചോദ്യം ചെയ്താൽ എന്ന പോലെ മേൽപറഞ്ഞ ആശയസംഹിതകളെ ചോദ്യം ചെയ്താലും അസഹിഷ്ണുതയും കലാപവും ഉടലെടുക്കാം. മതവും ഇസവും ഒരേ നാണയത്തിന്റെ ഇരുവശങ്ങൾ ആവുന്നത് നമുക്കിന്ന് പരിചിതമാണ്.


മതങ്ങൾക്കപ്പുറം ദൈവങ്ങൾക്കും അപ്പുറം മനുഷ്യനിൽ ദൈവാംശം അന്വേഷിക്കുന്ന അന്വേഷണങ്ങൾ അങ്ങവിടെ രൂപപ്പെടുന്നു. സത്യാന്വേഷികളായ കുറെ മനുഷ്യർ മതാന്ധത പെരുകുന്ന ഈ കാലത്തും ആത്മീയ അന്വേഷണം നടത്തുന്നു.

ആത്മീയത എന്ന വാക്കു കേൾക്കുമ്പോഴേക്കും പിണങ്ങുന്ന കുറെ സുഹൃത്തുക്കൾ ഉണ്ട്. ആത്മീയതയെ മതവുമായി, ജാതിയുമായി കൂട്ടിക്കുഴക്കുന്നത് തെറ്റിദ്ധാരണ കൊണ്ടാവാം. മതവിശ്വാസിയോളം തന്നെ ചിലപ്പോൾ അതിലുമേറെ ആത്മീയ ഭാവങ്ങൾ ഉള്ളിൽ വഹിക്കുന്ന യുക്തിവാദികൾ, കമ്മ്യൂണിസ്റ്റുകൾ, പരിസ്ഥിതി പ്രവർത്തകർ, കവികൾ, ആക്ടിവിസ്റ്റുകൾ ധാരാളമുണ്ട്. കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട ഒരു ആലോചനയ്ക്കിടയിൽ അഭിഭാഷകനായ ഒരു സുഹൃത്ത് പറഞ്ഞത് കുറ്റകൃത്യങ്ങളിൽ പിടിക്കപ്പെടുന്നവരിൽ ഒരു യുക്തിവാദിയെയോ, പരിസ്ഥിതി പ്രവർത്തകനെയയോ, കവിയെയോ കാണാൻ കഴിയില്ല. ശരിയല്ലേ? കുറ്റവാളികളായ കവികളുണ്ടോ. അറിയപ്പെടുന്ന യുക്തിവാദികൾ ആരെങ്കിലും ഏതെങ്കിലും കുറ്റകൃത്യങ്ങളിൽ പെട്ടതായി അറിവുണ്ടോ? കൊലപാതകവും അതിക്രമവും ഒക്കെ ചെയ്യുന്ന കമ്മ്യൂണിസ്റ്റുകാരെ കുറിച്ച് നാം കേൾക്കാറുണ്ട്. അവർ പക്ഷേ യഥാർത്ഥ കമ്മ്യൂണിസ്റ്റകളാവില്ല.

എന്നാൽ കൊടിയ കുറ്റകൃത്യം വെച്ച് പിടിക്കപ്പെടുന്നവരിൽ മതനേതാക്കൻമാർ ധാരാളമുണ്ട്. നാട്ടിൽ കുറ്റകൃത്യം ചെയ്യുന്നവരുടെ പട്ടിക നോക്കൂ. എല്ലാ മതവിശ്വാസികളുമുണ്ടാകും. പറഞ്ഞ് വരുന്നത് നന്മ, സൽഗുണം, വ്യക്തിമാഹാത്മ്യം ഇവയൊക്കെ മതവിശ്വാസികൾക്കുമാത്രം കുത്തകയല്ലെന്നും മതത്തിനും ദൈവത്തിനും അപ്പുറം ഉള്ള ആത്മീയത വളർന്ന് വരേണ്ടതിനെക്കുറിച്ച് ആലോചന രൂപപ്പെടുന്നു.



ജോൺ.സി. ജേക്കബ്



നിത്യചൈതന്യയതിയുടെ ശിഷ്യനായ ഷൗക്കത്ത് ഇടയ്ക്കിടെ നടത്താറുള്ള സ്നേഹസംഗമം, മൗന ധ്യാനം ഇവ ആത്മീയാന്വേഷണങ്ങളുടെ നേർവഴിക ളാണെന്ന് സുഹൃത്തുക്കൾ പറയുന്നു. നാട്ടിൽ പല യിടത്തും നടക്കുന്ന പ്രത്യേകിച്ചൊരു വിശ്വാസ ത്തിലും പെടാതെ നടത്തുന്ന സ്നേഹക്കൂട്ടായ്മ കൾക്ക് ഷൗക്കത്ത് പലപ്പോഴും സാന്നിധ്യമാണ്. കോയമ്പത്തൂരിൽ കാരമടയിലെ ആശ്രമത്തിൽ അന്വേഷകരായി എത്തുന്നവരുമായി വെറുതെ സംവദിച്ചും മൗനമാചരിച്ചും ഷൗക്കത്ത് സ്നേഹം പങ്കിടുന്നു.

ബോബി കട്ടികാട് എന്ന കപ്പൂച്ചിൻ വൈദികർ കേരളത്തിലും പുറത്തും മതാതീത ആത്മീയത യുടെ വെളിച്ചം പകരുന്നു. വിശ്വാസികൾക്കും അവിശ്വാസികൾക്കും ബോബിച്ചായൻ സ്വീകാര്യനാ വുന്നത് ഹൃദയത്തിന്റെ ഭാഷയിൽ സംവദിക്കുന്നതു കൊണ്ടാണ്. മറിച്ച് ഏതെങ്കിലും വിശ്വാസമോ ദർശ നമോ പ്രചരിപ്പിക്കുന്നതുകൊണ്ടല്ല.

മേധാപട്കറിനോളം ആത്മീയഭാവം സത്യത്തിൽ ശ്രീ.ശ്രീ.രവിശങ്കറിനുണ്ടോ? കോഴിക്കോട്ടെ ശോഭീ ന്ദ്രൻ മാഷോളം ഉൾനനവ് എത്ര മതനേതാ ക്കൻമാർക്കുണ്ടാകും? യുക്തിവാദി നേതാവായ യു. കലാനാഥൻ മാഷിനെ ശ്രദ്ധിച്ചവർക്കറിയാം ഏത് സന്യാസിയേക്കാൾ സാത്വികത അദ്ദേഹത്തിൽ കണ്ടെത്താം.

അന്തരിച്ച പരിസ്ഥിതി ദാർശനികൻ ജോൺ.സി. ജേക്കബ് തന്റെ പരിസ്ഥിതി ദർശനത്തെ ഇക്കോ സ്പിരിചാലിറ്റി എന്ന നിലയിലാണ് വിവക്ഷിച്ചത്. ജോൺസിയുടെ ജീവിതം ഒരു സന്യാസിയുടേതിന് സമാനമായ ജീവിതമായിരുന്നല്ലോ.

മതമൗലിക വാദികളുടെ ആക്രമണത്തിനിരയായ കുരീപ്പുഴ ശ്രീകുമാർ യുക്തിവാദിയെന്ന് സ്വയം അംഗീകരിക്കുന്നയാളുമാണ്. കവിതകൊണ്ടും ജീവിതം കൊണ്ടും നിലപാടുകൊണ്ടും മതവിശ്വാ സികൾ പറയുന്ന അർത്ഥത്തിലല്ലെങ്കിലും ആത്മീയ നാണെന്ന് സംശയമില്ലാതെ പറയാം.


മതാതീതമായ ആത്മീയ കൂട്ടായ്മകൾ കേരള ത്തിൽ വളർന്നുവരുന്നു. ആത്മീയം എന്ന വാക്കിന്റെ അർത്ഥവ്യാപ്തിയെ കുറിച്ച് ആലോചിച്ച് തലപുണ്ണാക്കേണ്ടതില്ല. ലിറ്റിൽ മാസികയിൽ 'ആത്മീയം' എന്ന വാക്ക് ഉപയോഗിച്ചതിന് മേലാൽ മാസിക അയക്കേണ്ട എന്ന് വിലക്കിയ ഒരു സുഹൃ ത്തുണ്ട്. ഇവിടെ വിവക്ഷിക്കുന്ന ആത്മീയത മതവി ശ്വാസികൾ പറയുന്ന രീതിയലല്ല. ഇവിടെ ആത്മീ യത എന്നാൽ ഗംഗാതടത്തിലെ ഏക്കറ് കണക്കിന് സ്ഥലം തന്റെ ആത്മീയ സംഗമത്തിന് വേണ്ടി മലി നമാക്കിയ ശ്രീ.ശ്രീ. രവിശങ്കറിന്റെ ആത്മീയതയല്ല. ആശ്രമവാസിയെ പീഡിപ്പിച്ച ആശ്രമം ബാപ്പുവിന്റെ ആത്മീയതയല്ല. എന്താണോ ഗാന്ധി ജിയിലും, വിനോബാവയിലും മറ്റും തുടങ്ങി മേധാപ ട്കറിലും ബോബിയച്ചനിലും ഷൗക്കത്തിലും കുരീ പ്പുഴയിലും, സിവിക് ചന്ദ്രനിലും എം.എ. ജോണിലും വരെ കാണാൻ കഴിയുന്നത്. അതാണി വിടെ ഉദ്ദേശിക്കുന്ന ആത്മീയത. ആത്മീയത മതനേ താക്കൻമാർ പറഞ്ഞ് നടക്കുന്നതല്ല. മതനേതാക്കളി ലൂടെ പ്രകടമാകുന്നതല്ല. റോബിൻ കേരളീയം, സതീഷ്ചന്ദ്രൻ, എസ്. ശാന്തി അന്തരിച്ച എ. ലത തുടങ്ങിയവരെപ്പോലുള്ളവരിലൂടെ പ്രകടമാകു ന്നതാണ് ആത്മീയത.

ഈ ആത്മീയതയെ മാനവികതയുടെ ആത്മീയത മായി പേരിട്ട് വിളിക്കാം. ഈ ആത്മീയത വിവിധ ഭാവങ്ങളിൽ, രൂപങ്ങളിൽ സജീവമാകുന്ന കാലമാ ണിത്. ഷൗക്കത്തും ബോബിയച്ചനും റോബിൻ കേരളീയവും തിരൂരെ രാധാകൃഷ്ണൻ ഡോക്ട റും, മറ്റും നടത്തുന്ന കൂട്ടായ്മകളിൽ ആളുകളെ ത്തുന്നു. നിശ്ശബ്ദമായി ഈ ആശയങ്ങൾ വ്യക്തി യിൽ നിന്ന് വ്യക്തിയിലേക്ക് പകർത്തപ്പെടുന്നു. ആഹ്വാനവും അവകാശവാദങ്ങളുമല്ലാതെ അതീവ ശാന്തമായി ഈ ആത്മീയനദി ഒഴുകുന്നു.

സംഗീതകാരൻമാർ, സിനിമാപ്രവർത്തകർ, നാടക പ്രവർത്തകർ, കൃഷിക്കാർ, സാധാരണക്കാർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ ഇവരൊക്കെ ഈ മാനവികതയുടെ ആത്മീയതയിൽ അണിനിരക്കു ന്നു. ഉസ്താദ് ഹോട്ടൽ, സുഡാനി ഫ്രം നൈജീരി യ, ഈ.മ.യൗ തുടങ്ങിയ സിനിമകളിലൂടെ നമ്മുടെ പുതിയ സിനിമാ പ്രവർത്തകർ ഈ ആത്മീ യതയുടെ പ്രചാരകരാവുന്നു. ഷഹബാസ് അമൻ, സമീർ ബിൻസി തുടങ്ങിയ സംഗീതകാരൻമാർ സംഗീതത്തിന്റെ സൂഫി വഴികളിലൂടെ മാനവികത യുടെ ആത്മീയത തന്നെയാണ് അന്വേഷിക്കുന്നത്.

മതത്തേയും ജാതിയെയും ദൈവത്തെയും പടിക്ക് പുറത്തു നിർത്തിയുള്ള മാനവികതയുടെയും ശുദ്ധ ആത്മീയതയുടേ തുമാവുമോ വരും കാലം?

*ഉള്ളതിന്റെ ആനന്ദം .ഒരു കുമ്പിൾ വെള്ളത്തിന്റെ ,ഒരു പഴയ കുപ്പായത്തിന്റെ, അരക്കപ്പു കാപ്പിയുടെ, വെറും നിലത്തു കിടപ്പിന്റെ, ഒരേ ഒരു കൂട്ടിന്റെ , ഒരേ നടവഴിയുടെ, എല്ലാം ആനന്ദങ്ങൾ....*



# ഇപ്പോൾ ഇവിടെയുള്ള വെളിച്ചം

എം. പി. പ്രതീഷ്

എല്ലാ വെളിച്ചവും പുറപ്പെട്ടു പോരുന്ന ഒരു ദിക്കുണ്ടാവും. ഒരു സ്ഥാനം. നക്ഷത്രം പോലെയോ മിന്നാമിനുങ്ങിന്റെ ഉടലുപോലെയോ . ഒരു തുടക്കം. ഒരു ഉറവ്. പിറന്ന് യാത്ര ചെയ്ത് ഭൂമിയുടെ ഓരോ പരുപരുപ്പിലും ആഴങ്ങളിലും വെള്ളത്തിലും പൊടിയിലും പടർന്ന് തങ്ങി താമസിക്കുന്നു അത് . ഈ കല്ലിനെ നോക്കൂ. വെളിച്ചമിപ്പോൾ അതിന്റെ ശരീരത്തെ പൊതിഞ്ഞിരിക്കയാണ്. അതിനാൽ നമുക്ക് കണ്ണുകൾ സാധ്യമായി.
ഇത് ഉള്ള വെളിച്ചമാണ്. ലഭ്യമായ വെളിച്ചം Available Light എന്നത് ഫോട്ടോഗ്രഫിയിൽ മാത്രം പ്രധാനമായ ഒരു വാക്കല്ല അർത്ഥമല്ല.

ചെടികളുടെ ചില്ലകൾ നോക്കൂ.അതിന്റെ ആകൃതി, ക്രമങ്ങൾ, അടുപ്പം, അകലങ്ങൾ നോക്കൂ. ഭൂമിക്കു മീതെ വീഴുന്ന പ്രകാശത്തെ എങ്ങനെയെല്ലാം സ്പപർശിക്കാം എന്ന് ചെടികൾക്കറിയാം. വെയിലിനെ തൊടാനുള്ളതാണ് അതിന്റെ രൂപം. വെയിലിൽ നിന്നും അന്നജമുണ്ടാക്കാനുള്ള രസവിദ്യ അതിന്റെ തെഴുപ്പുകളിൽ മുമ്പേ തന്നെ കുടിയിരിക്കുന്നുണ്ടല്ലോ.

കിളികളെയും ജീവികളെയും നോക്കൂ. ദിവസത്തിന്റെ ആദ്യ നാഴികകളിൽ അവ ശിഖരങ്ങൾക്കോ പാരപ്പറ്റിനോ മേൽക്കൂരക്കോ വിളക്കുകാലുകൾക്കോ മീതേ വന്നു നിന്ന് വെളിച്ചത്തെ തൊടുന്നു. വെളിച്ചം രുചിക്കുന്നു. ദാഹം തീർക്കുന്നു. മരത്തിന്റെ വെയിലു തട്ടുന്ന പള്ളയിൽ ചെരിവിൽ തലകീഴായി അനങ്ങാതെ നിന്നു, ഒരു അണ്ണക്കൊട്ടൻ. അതിപ്പോൾ ചിലക്കുന്നുമില്ല. ഈ വെളിച്ചം അധികനേരമിങ്ങനെ തുടരുകയില്ലെന്ന് അതിന്നറിയാമായിരിക്കും, ഒരു പക്ഷെ.
വെളിച്ചത്തെ മാത്രമല്ല ആ നേരത്തെക്കൂടിയാണ് അവ വലിച്ചെടുക്കുന്നുണ്ടാവുക.

കുറേക്കാലം വീട്ടിനകത്ത് ഒരു മുറിയിൽ രോഗവുമൊത്ത് തനിച്ചു കഴിഞ്ഞ കാലം എനിക്കുണ്ടായിരുന്നു.
നടക്കാനോ പുറത്തിറങ്ങാനോ എഴുതാനോ വായിക്കാനാ കഴിയാതിരുന്ന കാലം. വേദനയുടെ അതീതമായ തലങ്ങളെ ഞാൻ പരിചയിച്ചത് അപ്പോഴായിരുന്നു. ഉറക്കത്തിൽപ്പോലും വേദന എന്നെ മൂടി നിന്നു.

ആ നാളുകളിലെല്ലാം ഞാൻ കിടന്ന മുറിയിൽ വന്നു നിറഞ്ഞ വെളിച്ചത്തെ ഞാൻ കാണാൻ തുടങ്ങുകയായിരുന്നു. മരങ്ങൾക്കിടയിലൂടെ ജനാലയിലൂടെ അകത്തു വന്നു ചിതറിയ വെളിച്ചം. ഉടലിലെ മുറികളിൽ അവ കുമിഞ്ഞു കൂടി. ഉള്ളിലേക്കിറങ്ങി, വെള്ളം പോലെ.മരുന്നു പോലെ. നിഴലിനെപ്പറ്റിയോ ഇരുളിനെപ്പറ്റിയോ ഞാൻ വിചാരിച്ചു തുടങ്ങിയതും ആ നേരങ്ങളിലായിരിക്കാം. പിന്നീട് ആ മുറിയിൽ ഞാൻ ക്യാമറയും പിടിച്ച് വെളിച്ചം വരാൻ കാത്തു നിൽക്കുക പതിവായി. മുറിക്കുമുന്നിലെ കോണിപ്പടികൾ വെളിച്ചത്തിൽ ആഴ്ന്നു കിടക്കും. ഓരോ പടികളിലിറങ്ങി ചുമരു കേറി കാണാതെയാവുന്ന വെയിൽ. ഭൂമിയുടെയും സൂര്യന്റെയും ചലനപഥവും ചെരിവും ഓരോ നാളിലും വ്യത്യാസപ്പെട്ടു. വെയിലിന്റ വരവു പോക്കുകളും വ്യത്യസ്തമായി. കോണിപ്പടികളിലിരിക്കുന്ന വസ്തുക്കളുടെ ഫോട്ടോ, ചാരു കസരയിലിരുന്നുകൊണ്ടു ഞാൻ എടുത്തു കൊണ്ടിരുന്നു. കളിപ്പാട്ടങ്ങൾ പുസ്തകം, ചെരിപ്പ്, ചായക്കോപ്പകൾ അങ്ങനെ പല പദാർത്ഥങ്ങളെ ഞാൻ വെളിച്ചത്തിലും നിഴലിലും കണ്ടെത്തി. അന്നേരങ്ങളിൽ മുറിവുകളുടെ വേദന നിശ്ചലമായതായി തോന്നി. ഈ ദിനചര്യ ക്യാമറയില്ലാതെയും മുറിവുകൾ ഉണങ്ങിക്കരിഞ്ഞ ശേഷവും തുടർന്നു.


നോക്കുമ്പോൾ ആ പ്രക്രിയ എന്റെ വാഴ്‌വിലാകെയും പടർന്നു കിടക്കുന്നതായി ഇപ്പോൾ തോന്നുന്നുണ്ട്. ഉള്ള വെളിച്ചം. ഉള്ള വെള്ളം. ഉള്ള അന്നം. ഉള്ള ഉടുപ്പുകൾ . എന്നിങ്ങനെ എല്ലാറ്റിനേയും ബാധിക്കുന്നത്. അൽപമേയുള്ളൂ, തികയില്ല എന്നൊക്കെ ഞാൻ മറന്നു പോവാൻ തുടങ്ങി. ഇത്രയുമുണ്ടല്ലോ എന്നു സ്വാസ്ഥ്യപ്പെടാൻ തുടങ്ങി. അതിന്റെ ആനന്ദം അറിയാൻ തുടങ്ങി. ഉള്ളതിന്റെ ആനന്ദം .ഒരു കുമ്പിൾ വെള്ളത്തിന്റെ ,ഒരു പഴയ കുപ്പായത്തിന്റെ, അരക്കപ്പു കാപ്പിയുടെ, വെറും നിലത്തു കിടപ്പിന്റെ, ഒരേ ഒരു കൂട്ടിന്റെ , ഒരേ നടവഴിയുടെ, എല്ലാം ആനന്ദങ്ങൾ.

## വഴി വിളക്കുകൾ

ബിജു ജോൺ

*വഴിയിൽ കണ്ടുമുട്ടിയവരാരും ഒന്നും തരാതെ പോയിട്ടില്ല എന്ന് ഒ.വി. വിജയൻ 'ഗുരുസാഗര'ത്തിൽ പറയുന്നത് ജീവിതത്തിൽ നേരിട്ടറിഞ്ഞവരാകും ഏറെക്കുറെ എല്ലാവരും. ജീവിതവഴികളിൽ കണ്ടുമുട്ടിയ വഴിവിളക്കുകൾ പോലുള്ള ചിലരുണ്ട്. അത്തരത്തിലൊരാളാണ് മലപ്പുറം ജില്ലയിലെ പത്തപ്പിരിയത്തുള്ള ഹമീദ്.*

# സോളാർ ഹമീദ്



ഹമീദ്

ഞാൻ അങ്ങനെയാണയാളെ വിളിക്കുന്നത്. മറ്റാരെങ്കിലും അയാളെ അങ്ങനെ വിളിക്കുന്നുണ്ടോ എന്നറിയില്ല. വളരെ ചുരുങ്ങിയ ചിലവിൽ സോളാർ ഊർജ്ജം ഉപയോഗിച്ച് ബൾബുകളും മറ്റും പ്രവർത്തിപ്പിക്കുന്ന ആളാണെന്ന് ആരോ പറഞ്ഞറിഞ്ഞാണ് ഹമീദിലേക്കെത്തിയത്. ആളൊരു ലോറി ഡ്രൈവറാണ്. ദീർഘദൂര ഓട്ടങ്ങൾ പോകാറുള്ള ഹമീദ് യാത്രകളുടെ ഇടവേളകളിൽ നാട്ടിൽ പരിസ്ഥിതി കൂട്ടായ്മകളിലും മറ്റുമായി ഇടപെട്ട് പ്രവർത്തിക്കുന്നു. ഹമീദിന്റെ വീട്ടിലെത്തി പരിചയപ്പെട്ടു. മൂന്ന് വർഷമായി പൂർണ്ണമായും സോളാർ ഊർജ്ജത്തിലാണ് വീട്ടിൽ വെളിച്ചമെത്തുന്നത്. ബോധപൂർവ്വം വൈദ്യുതി വേണ്ടെന്നു വെക്കുകയായിരുന്നത്രേ!

അടുത്തിടെ ഞാൻ പണികഴിപ്പിച്ച ചെറിയ വീട്ടിലേക്ക് സൗരോർജ്ജം എത്തിക്കുന്നതിന് ഹമീദിന്റെ സഹായം കിട്ടി. സാധനസാമഗ്രികളുമായി എത്തി 6 ബൾബുകളും ഒരു ഫാനും മൊബൈൽ ചാർജ്ജറും അടക്കം ഒരു ചെറുവീട്ടിലേക്കാവശ്യമായ സൗരോർജ്ജസംവിധാനം ഹമീദ് ഒരുക്കി. വളരെ കുറഞ്ഞ ചിലവിലാണത് ചെയ്തത്.

കൂടുതൽ പരിചയപ്പെട്ടപ്പോഴാണ് ഹമീദിന്റെ വെളിച്ചം കണ്ണിൽ പെട്ടത്. വീട്ടിൽ റഫ്രിജറേറ്റർ, മിക്സി ഇവ ഉപയോഗിക്കാത്ത പ്രകൃതിസൗഹാർദ്ദപരമായി ജീവിക്കുന്നയാളാണ് ഹമീദ്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാത്ത ഹമീദ് ഇലക്ട്രോണിക്സും മോട്ടോർ മെക്കാനിസവും മുതൽ സാധാരണ നാടൻ പണികളിൽ വരെ അവഗാഹം നേടി. ആക്രിക്കടയിൽ നിന്നും സംഘടിപ്പിച്ച പഴയ മോട്ടോർ ബൈക്കുകളുടെ ഭാഗങ്ങൾ ചേർത്ത് സ്വന്തമായി ഒരു മോട്ടോർബൈക്ക് തന്നെ വികസിപ്പിച്ചെടുത്തതാണ് ഹമീദ് ഉപയോഗിക്കുന്നത്.

സൗരോർജ്ജത്തിൽ പ്രവർത്തിപ്പിക്കാവുന്ന രണ്ട് തീപ്പെട്ടിക്കൂടുകളുടെ വലുപ്പം മാത്രമുള്ള മോട്ടോർ പമ്പ് ഹമീദിന്റെ മറ്റൊരു കണ്ടുപിടിത്തമാണ്. യാത്രകളിൽ കൊണ്ടുനടന്നാൽ വാഹനത്തിന്റെ ബാറ്ററിയിൽ ഘടിപ്പിച്ച് ജലസ്രോതസ്സുകളിൽ നിന്ന് വെള്ളം ശേഖരിക്കാൻ ഈ കുഞ്ഞൻ മോട്ടോർപമ്പ് സഹായിക്കും.

പി.വി.സി പൈപ്പുകൊണ്ട് ലീഫ് ഉണ്ടാക്കി സൗരോർജ്ജത്തിൽ പ്രവർത്തിപ്പിക്കുന്ന ഫാൻ ഉണ്ടാക്കിത്തന്ന് വീണ്ടും അത്ഭുതപ്പെടുത്തി ഹമീദ്. സോളാർ എനർജിയെ ജനങ്ങളിൽ നിന്ന് അകറ്റുന്നത് ഇടനിലക്കാരുടെയും സർക്കാർ ഏജൻസികളുടെയും തട്ടിപ്പുകളാണെന്ന് ഹമീദ്. വൻതുകയുടെ കണക്ക് കേട്ട് പാവം ജനങ്ങൾ വാപൊളിക്കും. വലിയ തുക ചിലവിട്ട് സബ്സിഡിയുടെ പേരിൽ നടത്തുന്നത് കൊള്ളയാണെന്ന് ഹമീദ് കാര്യകാരണസഹിതം വിശദീകരിച്ചു തരുന്നു. നമ്മുടെ ആവശ്യം അറിഞ്ഞ് വേണ്ട സാധനസാമഗ്രികൾ മാത്രം വാങ്ങി സ്വന്തമായി ആർക്കും വീടുകളിലും മറ്റും സൗരോർജ്ജസംവിധാനം ഏർപ്പെടുത്താനാവും എന്നാണ് ഹമീദ് കാണിച്ച് തരുന്നത്.


തന്നെ സമീപിക്കുന്നവർക്ക് വേണ്ട സഹായങ്ങൾ നൽകി ഗ്രീൻ എനർജിയുടെ അമ്പാസഡറാവുകയാണ് ഹമീദ്.

വലിയ സാങ്കേതിക വിദഗ്ദ്ധൻമാരും വിജ്ഞാനികളും നമുക്ക് വേണ്ടുവോളമുണ്ട്. എന്നാൽ ജനങ്ങളുടെ ആവശ്യമറിഞ്ഞ് സാങ്കേതികതയെ പ്രവർത്തിപഥത്തിലെത്തിക്കുന്നതിന് ഹമീദിനെപ്പോലുള്ള നാട്ടു ശാസ്ത്രജ്ഞൻമാർ തന്നെ വേണം. ലാഭത്തിന്റെ നോട്ടമില്ലാതെ സൗമ്യമായി, നിഷ്കളങ്കമായി പെരുമാറിയ ഹമീദിനെ നോക്കി എന്റെ സഹധർമ്മിണി പറഞ്ഞു "ഇങ്ങനെയും നല്ല മനുഷ്യൻമാർ ഈ കാലത്തും ഉണ്ടല്ലോ".

നമ്മുടെ നാട്ടുവഴികളിൽ കണ്ടുമുട്ടുന്ന ഇത്തരം നല്ല മനുഷ്യരെ കൊണ്ടാവണം ഈ ഭൂമി ഇങ്ങനെയെങ്കിലും നിലനിൽക്കുന്നത്.

(ഹമീദിന്റെ ഫോൺ: 9447632953)

## ഒന്നിനുമല്ലാതെ ഒന്നിച്ചിരിക്കാം



ചാലിയാർ പുഴയോരത്തുള്ള കുഷിയിടത്തിൽ പണിതീർത്ത ഇടം എന്ന കൊച്ചു മൺ വീട്ടിൽ ഒരു രാത്രിയും ഒരു പകൽ പാതിയും ഒന്നിച്ചിരിക്കാൻ ലിറ്റിൽ മാസിക സുഹൃത്തുക്കളെ ക്ഷണിക്കുന്നു .ഒന്നിനുമല്ലാതെ നിയതമായ ഒരു ലക്ഷ്യം മുന്നിൽ വെക്കാതെ ഉള്ളിലേക്കു നോക്കാൻ ആന്തരിക ശബ്ദങ്ങൾക്ക് കാതോർത്ത് കുറച്ച് നേരം ഒന്നിച്ചിരിക്കാം. നമ്മുടെ ദൈനംദിന ജീവിതത്തെ, നമ്മുടെ നിലപാടുകളെ എഴുത്തിനെ, കാഴ്ചകളെ കുറച്ച് കൂടി തെളിച്ചമുള്ളതാക്കിയേക്കാം ഇത്തരം കൂടിച്ചേരലുകൾ. വെറുതെയിരുപ്പ്, മൗനം, കവിത, സംഗീതം, സൗഹൃദം ഇവയായിരിക്കും ഉള്ളടക്കം.20 പേർക്ക് അനാർഭാടമായി കഴിഞ്ഞുകൂടാനാണ് ഇടത്തിൽ സൗകര്യം ഒരുക്കിയിരിക്കുന്നത്. തിയ്യതിയും സമയവും പങ്കെടുക്കുന്നവരുടെ കുടി സൗകര്യവും സമയവും നോക്കി തീരുമാനിക്കാം. താൽപര്യമുള്ളവർക്ക് വിളിക്കാം **9946428 284**

---


Little Masika



സാധാരണവും ചിരപരിചിതവുമായ ജീവിത പരിസരങ്ങൾ, അനുഭവങ്ങൾ, ജീവജാലങ്ങൾ, ചെറിയ മനുഷ്യർ... എത്ര പറഞ്ഞാലും എഴുതിയാലും തീരാത്ത സാധാരണത്തത്തിന്റെ കലർപ്പില്ലാത്ത അനുഭവങ്ങൾ അന്വേഷിക്കുന്നു...

**Journal of Small Things**


Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at Redstar printers Calicut for Co-Operative Press Chungathara

172

# ലിറ്റിൽ മാസിക

2018 സെപ്തംബർ



## മനസ് ശുദ്ധമായാൽ മനുഷ്യനോളം നല്ലൊരു ജീവി ഭൂമിയിലുണ്ടോ?

Indic Digital Archive Foundation
gpura.org